## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3106 11.12.2014-ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; ഇതിൽ ജില്ലയിലുള്ളവർ എത്ര; ജില്ലക്ക് പുറത്തുള്ളവർ എത്ര; വിശദാംശങ്ങൾ അറിയിക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ കാസർഗോഡ് ജില്ലയിൽ നിന്ന് കണ്ടെത്തിയിരുന്ന 10,271 ഗുണഭോക്താക്കൾക്കും പട്ടയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മറ്റു ജില്ലകളിൽ നിന്നു ള്ള പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ പട്ടയം അനുവദി ച്ചിട്ടില്ല. |
| (ബി) | കാസർഗോഡ് ജില്ലയിൽ പൊതു സ്ഥലങ്ങളും മറ്റും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ അളന്ന് നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നൽകിയ ഭൂമിയിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്ത സ്ഥലമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | വാസയോഗ്യമായതും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകാൻ കഴിയുന്നതുമായ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അനുവദിച്ച പ്ലോട്ടുകൾ മാറ്റി നൽകണമെന്ന തരത്തിൽ ജില്ലയിൽ 115 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ